<u>പ്രസിദ്ധീകരണത്തിന്</u>

**ജലനിധി സിവിൽ എൻജിനീയർമാരെ നിയമിക്കുന്നു**

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജലനിധി പദ്ധതികളുടെ നിർവ്വഹണ മേൽനോട്ടം വഹിക്കുന്ന പഞ്ചായത്ത് തല ആക്ഷൻ ടീമിലേയ്ക്ക് (ജിപാറ്റ്) സീനിയർ എൻജിനീയർ, ജൂനിയർ എൻജിനീയർമാരെ തിരഞ്ഞെടുക്കുന്നു.

ഇടുക്കി, കോട്ടയം ജില്ലകളിലെ പഞ്ചായത്തുകളിൽ മൂന്നുമാസത്തേയ്ക്ക് താത്കാലിക നിയമനമാണ് നല്കുന്നത്. സീനിയർ എൻജിനീയർ- സിവിൽ എൻജിനീയറിംഗ് ഡിഗ്രിയും മൂന്നു വർഷത്തെ പ്രവർത്തി പരിചയവും വേണം. ശമ്പളം 22,000 രൂപ. ജലനിധി മുൻപരിചയമുള്ളവർക്ക് മുൻഗണന നല്കും.

ജൂനിയർ എൻജിനീയർ- സിവിൽ എൻജിനീയറിംഗ് ഡിഗ്രി അഥവാ ഡിപ്ലോമയും ഒരു വർഷത്തെ പ്രവർത്തി പരിചയവും വേണം. ശമ്പളം 14300 രൂപ.

തൊടുപുഴ മാതാ ആർക്കേഡിൽ പ്രവർത്തിക്കുന്ന ജലനിധി റീജിയണൽ ഓഫീസിൽ സെപ്റ്റംബർ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 മുതൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ ബയോഡേറ്റായും ഒറിജിനൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഹാജരാകണം.

റീജിയണൽ പ്രോജക്ട് ഡയറക്ടർ